# Archdiocese of Trichur
## Half Yearly Examination September-2013
## Sunday Catechism

**Std.VII** — **Time: 2hrs**
**Mark: 50**

**I. പേരെഴുതുക** 8

1. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം?
2. എല്ലാറ്റിലും ഉപരിയായി ദൈവത്തെയും തന്നെപ്പോലെതന്നെ മറ്റുള്ളവരെയും സ്നേഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ദൈവികപുണ്യം ഏതാണ്?
3. ദൈവത്തോട് പേരു ചോദിച്ച മോശയോട് ദൈവം നൽകിയ മറുപടിയെന്ത്?
4. സാബത്ത് എന്ന പദത്തിനർത്ഥം?
5. മാതാപിതാക്കളെ ബഹുമാനിക്കണം എന്ന പ്രമാണത്തിന്റെ വിശദീകരണം പഴയനിയമത്തിൽ ഏതു പുസ്തകത്തിലാണ് കാണുന്നത് ?
6. ആരുടെയും ജീവൻ നശിപ്പിക്കാൻ മനുഷ്യന് അധികാരമില്ല എന്ന് പഠിപ്പിക്കുന്ന പ്രമാണം ഏത്?
7. അവിവാഹിതർ ഏത് നിയമങ്ങൾ പാലിച്ചുകൊണ്ടാണ് ലൈംഗിക വിശുദ്ധി പാലിക്കേണ്ടത്?
8. ജീവനിൽ പ്രവേശിക്കാൻ അഭിലഷിക്കുന്നെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക. ഈശോ ആരോടാണ് ഇത് പറഞ്ഞത്?"

**II. ചേരുംപടി ചേർക്കുക** 2

| | | |
|---|---|---|
| 9. | യാക്കോബ് | കൊലപാതകം |
| 10. | ജോൺ പോൾ രണ്ടാമൻ മാർപാപ്പ | അന്ധവിശ്വാസം |
| 11. | ദയാവധം | ഇസ്രയേൽ |
| 12. | പ്രശ്നംവയ്ക്കൽ | കർത്താവിന്റെ ദിനം |

**III. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** 8

13. വിഗ്രഹാരാധന എന്നാലെന്ത്?
14. ഈശോ എങ്ങനെയാണ് ദൈവത്തെ അഭിസംബോധന ചെയ്തത്?
15. സാബത്തിനെക്കുറിച്ചുള്ള തെറ്റായ മനോഭാവത്തെ ഈശോ തിരുത്തിയതെങ്ങനെ?
16. തിരുക്കുടുംബത്തിൽ ഈശോ ജീവിച്ചതെങ്ങനെ?

**IV. ഉത്തരമെഴുതുക (ബൈബിൾ പഠന സഹായിയിൽ നിന്നും)** 12

17. യേശുവിന്റെ മരണം കണ്ടുനിന്ന ശതാധിപൻ പറഞ്ഞതെന്ത്?
18. യേശുവിന്റെ അധികാരത്തെ ചോദ്യംചെയ്ത നിയമജ്ഞരോട് അവിടുന്ന് ചോദിച്ച ചോദ്യം എന്ത്?
19. യേശു ശപിക്കുന്ന നഗരങ്ങൾ?
20. വി. ലൂക്കായുടെ സുവിശേഷം നാലാമദ്ധ്യായത്തിൽ യേശു ഉപയോഗിക്കുന്ന പഴഞ്ചൊല്ല് ഏത്?
21. കൂട്ടുകാരുടെ കുറ്റത്തിന് ശിക്ഷ ഏറ്റുവാങ്ങിയ സാവിയോ ഈശോയുടെ ഏതുപദേശമാണ് അനുസരിച്ചത്? (ഉപപാഠത്തിൽ നിന്ന്)
22. "നീ ഒരു പട്ടു തുണി പോലെയാണ്". വി.ഡോൺബോസ്കോയുടെ ഈ വാക്കുകൾക്ക് സാവിയോ നല്കിയ മറുപടിയെന്ത്? (ഉപപാഠത്തിൽ നിന്ന്)

**V. നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക** 15

23. മക്കൾക്ക് മാതാപിതാക്കളോടുള്ള കടമകൾ ഏവ?
24. ജീവൻ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ പ്രധാനപ്പെട്ട കടമയാണ്. എന്തുകൊണ്ട്?
25. വി. പൗലോസ് ലൈംഗിക വിശുദ്ധിയെകുറിച്ച് പഠിപ്പിക്കുന്നതെന്ത്?
26. വിശുദ്ധരോടുള്ള വണക്കം വിഗ്രഹാരാധനയാകുന്നില്ല. എന്തുകൊണ്ട്?
27. ദിവ്യകാരുണ്യം സ്വീകരിച്ച സാവിയോ ഡയറിയിൽ കുറിച്ചുവെച്ചതെന്ത്?(ഉപപാഠത്തിൽ നിന്ന്)

**VI. ഒരുപേജിൽ കവിയാതെ ഉത്തരമെഴുതുക** 5

28. ക്രൈസ്തവരുടെ ഞായറാഴ്ചാചരണം എപ്രകാരമാണെന്ന് വിവരിച്ചുകൊണ്ട് അക്രൈസ്തവനായ നിങ്ങളുടെ കൂട്ടുകാരന് ഒരു കത്ത് തയ്യാറാക്കുക.

# Archdiocese of Trichur
## Half Yearly Examination September-2013
## Sunday Catechism

**Std.VIII** **Time: 2hrs**
**Mark: 50**

**I. ഉത്തരമെഴുതുക** 4

1. മാർത്തോമ്മാശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ച ക്രൈസ്തവർ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?
2. മിശിഹാ പ്രദാനം ചെയ്ത പാപമോചനത്തിന്റെയും രക്ഷയുടെയും ഫലം സ്വന്തമാക്കാനും അനുഭവിക്കാനുമുള്ള ഉപാധികൾ എന്താണ്?
3. വിശ്വാസത്തിലേക്കു കടന്നുവരാനുള്ള വാതിൽ?
4. സഭ രൂപം കൊണ്ടത് എവിടെയാണ്?
5. "അപരനു നന്മ ചെയ്യാൻ പറ്റാത്ത ദിവസം നിന്റെ ആയുസിന്റെ കണക്കിൽ കൂട്ടേണ്ടതില്ല" . ആരുടെ വാക്കുകളാണിവ?
6. ശിരസ്സായ മിശിഹാ തന്റെ ശരീരമായ സഭയോട് ചേർന്ന് നിത്യപിതാവിനർപ്പിക്കുന്ന പരമോന്നതമായ ആരാധന ഏത്?
7. ആവശ്യക്കാരനെ സഹായിച്ചുകൊണ്ട് വിശ്വാസം പ്രവർത്തിയിലൂടെ തെളിയിക്കണം എന്ന് പഠിപ്പിക്കുന്ന ശ്ലീഹ?
8. എക്ലേസിയ എന്ന വാക്കിനർത്ഥം?

**II. പൂരിപ്പിക്കുക** 3

9. ലോകത്തിന്റെ പാപം നീക്കുന്ന കുഞ്ഞാടായ മിശിഹായുടെ പ്രതീകമായിരുന്നു പഴയനിയമത്തിലെ ..............
10. തെറ്റായ വഴികളിൽ നിന്നും മാറി സുവിശേഷത്തിന്റെ പാതയിലൂടെ നടക്കാനുള്ള ഉറച്ച തീരുമാനമാണ് ................
11. മാർത്തോമ്മാനസ്രാണികളുടെ സഭാ ജീവിതശൈലിയുടെ ആകെത്തുകയെ ..................... എന്നാണ് വിളിച്ചിരുന്നത് .
12. ................... ലൂടെയാണ് മിശിഹാ നമ്മെ പഠിപ്പിക്കുകയും നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നത്.
13. ദൈവത്തിനു ആരാധനയർപ്പിക്കുവാൻ മാറ്റിവയ്ക്കപ്പെട്ടവനായിരുന്നു പഴയനിയമത്തിൽ ..........
14. ലോകജനസംഖ്യയിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്രർക്ക് ആശാകേന്ദ്രമായിരിക്കുന്നത് സഭയുടെ ............. പ്രവർത്തനങ്ങളാണ്.

**III. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** 5

15. ദൈവം മോശയെ വിളിച്ചത് എന്തിന്?
16. എല്ലാ മനുഷ്യർക്കും രക്ഷ ആവശ്യമാണ് എന്നു വ്യക്തമാക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ എടുത്തു പറയുന്ന ഉദ്ധരണി ഏത്?
17. വിശ്വാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
18. നാം ദൈവത്തിന്റെ ആലയമായിത്തീരുന്നതെങ്ങനെ?
19. ഈശോയുടെ നിരന്തരമായ സാന്നിധ്യം സഭയിൽ തുടരുന്നതെങ്ങനെ?

**VI. ഉത്തരമെഴുതുക (ബൈബിൾ പഠനസഹായിയിൽനിന്നും)** 12

20. "ഇതാണ് എന്റെ കല്പന". ഏതാണ് കല്പന എന്നാണ് വി.യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നത്?
21. വി. യോഹന്നാന്റെ സുവിശേഷത്തിലെ ഈശോ പ്രവർത്തിച്ച ഏഴ് അടയാളങ്ങൾ എഴുതുക?
22. പരിശോധിച്ചു നോക്കൂ, ഒരു പ്രവാചകനും ഗലീലിയിൽനിന്നും വരുന്നില്ല. ആര് ആരോട് പറഞ്ഞു ?
23. നീ ആരാണ് എന്ന പുരോഹിതരുടേയും ലേവായരുടെയും ചോദ്യത്തിന് യോഹന്നാന്റെ സാക്ഷ്യം എന്തായിരുന്നു?
24. മരിയഗൊരെത്തി വിശുദ്ധിയിൽ നിന്ന് വ്യതിചലിക്കാതിരിക്കാൻ കാരണമെന്ത്? (ഉപപാഠം)
25. മരിയഗൊരെത്തിയുടെ അനുജന്മാരും അനുജത്തിമാരും അമ്മയേക്കാൾ കൂടുതൽ മരിയയെ ഇഷ്ടപ്പെട്ടത് എന്തുകൊണ്ട്? (ഉപപാഠം)

**V. നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക** 12

26. പുതിയനിയമത്തിലെ പുരോഹിതജനമായ നാം എങ്ങനെയാണ് പൊതുപൗരോഹിത്യശുശ്രൂഷ നിർവഹിക്കേണ്ടത്?

27. ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഒരുവന് പങ്കുവെയ്ക്കുന്നതിനുള്ള പ്രേരണ നല്കുന്നത്.വ്യക്തമാക്കുക?

28. കല്പനകളുടെ അനുസരണം  രക്ഷയ്ക്കുള്ള വ്യവസ്ഥയാണെന്നു പറയുന്നതെന്തുകൊണ്ട്?

29. അലക്സാണ്ടറെ മാനസാന്തരപ്പെടുത്തിയ ദർശനം ഏത്?

**VI. അര പേജിൽ കവിയാതെ ഉത്തരമെഴുതുക** 4

30. ആത്മാവ് വിശ്വാസികൾക്ക് നൽകുന്ന ഫലങ്ങൾ ഏതെല്ലാം? ആത്മാവിനാൽ നയിക്കപ്പെടാൻ നാം എന്തെല്ലാം ചെയ്യണം?

OR

സഭയുടെ അടിസ്ഥാന സ്വഭാവമാണ് പങ്കുവയ്ക്കൽ. വിശദമാക്കുക

**VII. ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക** 5

31. ചേലക്കരയുടെ ശിൽപിയായ ദൈവദാസൻ ബഹു. ആന്റണി തച്ചുപറമ്പിലച്ചനെ ക്കുറിച്ച് കത്തോലിക്കാസഭാ മാസികയെ ആധാരമാക്കി എഴുതുക?

**VIII. പ്രാർത്ഥന എഴുതുക**

32. വിശ്വാസപ്രമാണം 3

33. സ്നേഹപ്രകരണം 2

# Archdiocese of Trichur
## Half Yearly Examination September-2013
## Sunday Catechism

**Std.IX** **Time:2hrs**
**Mark:50**

**I.** **ഉത്തരമെഴുതുക** 4

1. ദൈവഹിതമനുസരിച്ചുള്ള - ദൈവകല്പനകൾക്കനുസൃതമായ ജീവിതമാണ് യഥാർത്ഥ ആരാധന. ആരുടെ വാക്കുകളാണിവ?
2. ദൈവാരാധനയിൽ ശുശ്രൂഷിക്കുന്ന ഡീക്കന്മാരെ സൂചിപ്പിക്കുന്നത് ആരെയാണ്?
3. പ്രപഞ്ചം മുഴുവൻ നിറഞ്ഞുനില്ക്കുന്ന ദൈവത്തിന്റെ രക്ഷാകര സാന്നിദ്ധ്യത്തിന്റെ പ്രതീകം?
4. ശുദ്ധതയുടെയും ശുശ്രൂഷയുടെയും പ്രതീകം?
5. സഭാസമൂഹത്തിന്റെ ഔദ്യോഗിക ആരാധന ഏത്?
6. ഈശോയുടെ മാമ്മോദീസായെ അനുസ്മരിപ്പിക്കുന്ന ഗീതം?
7. മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും പേരുപറഞ്ഞ് അനുസ്മരിപ്പിക്കുന്ന വേള?
8. വിശുദ്ധകുർബാനയുടെ എല്ലാഭാഗങ്ങളും എന്തിലേക്കാണ് നമ്മെ നയിക്കുന്നത്?

**II.** **പൂരിപ്പിക്കുക** 3

9. ആരാധനയുടെ മുഖ്യഘടകം ............. ആണ്.
10. മനുഷ്യൻ കല്പിച്ചു നൽകുന്ന ബന്ധമാണ് .................. അടയാളങ്ങൾക്കുള്ളത്.
11. ഭൗമിക ജറുസലേമിന്റെ പ്രതീകമാണ് .................
12. സഭയുടെ പ്രവർത്തനങ്ങളെല്ലാം .................... ആകുന്ന അത്യുച്ചസ്ഥാനത്തേക്കാണു തിരിഞ്ഞിരിക്കുന്നത് .
13. .............. മിശിഹായുടെ രണ്ടാമത്തെ ആഗമനത്തിൽ അവിടുത്തെ അടയാളമായിരിക്കുമെന്ന് നാം വിശ്വസിക്കുന്നു.
14. കർത്താവിന്റെ കൃപാസമുദ്രത്തിൽ ആരാധനാസമൂഹം മുഴുവൻ കഴുകി ആദ്ധ്യാത്മികമായി വിശുദ്ധീകരിക്കപ്പെടുന്നതിന്റെ പ്രതീകമാണ് ................

**III.** **ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** 5

15. വിശുദ്ധ കുർബാനയിൽ സമാപനാശീർവാദം വഴി ഈശോ എന്താണ് നല്കുന്നത്?
16. എന്താണ് ക്രൈസ്തവ ആരാധന?
17. അടയാളങ്ങളും പ്രതീകങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത്?
18. സ്ലീവാ എന്തിന്റെയൊക്കെ പ്രതീകമാണ്?
19. വിശുദ്ധ കുർബാനയിൽ നമ്മൾ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതെന്താണ്?

**IV.** **രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (ബൈബിൾ പഠനസഹായിയിൽ നിന്നും)** 12

20. പൗലോസ് ശ്ലീഹായുടെ വിശ്വാസത്തിന്റെ ആഴം കാണിക്കുന്ന വാചകം ഏത്?
21. പഴയ നിയമ പുസ്തകങ്ങളിൽ പ്രവചപരമായ പുസ്തകങ്ങളിൽ എട്ടെണ്ണം എഴുതുക?
22. എങ്ങനെയാണ് നാം പരസ്പരം സംഭാഷണം ചെയ്യേണ്ടത്?
23. പൗലോസ് ശ്ലീഹാ റോമായിലുള്ളവരെ അഭിസംബോധന ചെയ്യുന്നതെങ്ങനെ?
24. സമുദായത്തെ രക്ഷിക്കാൻ ഏറ്റവും ആവശ്യമായതെന്താണെന്നാണ് വി.പത്താം പിയൂസ് പറയുന്നത്? (ഉപപാഠം)
25. വി.പത്താം പിയൂസ് അച്ചെർബൊ നിമിസ് എന്ന വിശ്വലേഖനത്തിൽ മതബോധനത്തെ ക്കുറിച്ച് നൽകുന്ന നിർദ്ദേശം എന്ത്? (ഉപപാഠം)

**V.** **നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക** 12

26. ആമുഖ ശുശ്രൂഷയിലെ പ്രധാന ഭാഗങ്ങൾ ഏതെല്ലാം?
27. ദിവ്യരഹസ്യഗീതസമയത്തെ കർമാനുഷ്ഠാനങ്ങൾ ഏവ? അവയുടെ പ്രതീകാത്മകമായ അർത്ഥമെന്ത്?
28. ആത്മാവിലും സത്യത്തിലും ആരാധനടർപ്പിക്കേണ്ടത് എങ്ങനെയെന്നാണ് ഈശോ പഠിപ്പിച്ചത്?
29. വി. പിയൂസ് 10-ാമനെ വി. കുർബാനയുടെ പാപ്പ എന്നു വിളിക്കാൻ കാരണമെന്ത്? (ഉപപാഠം)

**VI.** **ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക** 4

30. വിശുദ്ധ കുർബാനയിലെ ആംഗ്യങ്ങളും നിലപാടുകളും വിശദമാക്കുക.

OR

വിശുദ്ധ കുർബാന ക്രൈസ്തവജീവിതത്തിന്റെ ശക്തി കേന്ദ്രമാകുന്നതെങ്ങനെ?

**VII.** **ഒന്നര പേജിൽ കവിയാതെ ഉത്തരമെഴുതുക** 5

31. "അല്മായ പ്രേഷിതത്വം" എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയിൽ അല്മായന്റെ ദൗത്യമേഖലകളെക്കുറിച്ച് പ്രതിപാദിക്കുന്നത് എന്തെല്ലാമാണെന്ന് വിവരിക്കുക.

**VIII.** **പ്രർത്ഥന എഴുതുക**

32. ശരീരിക കാരുണ്യപ്രവൃത്തികൾ 3

33. മൗലിക സുകൃതങ്ങൾ 2

# Archdiocese of Trichur
## Half Yearly Examination September-2013
## Sunday Catechism

**Std. X** — **Time:2hrs**
**Mark:50**

**I. ഉത്തരമെഴുതുക** 4

1. സുവിശേഷത്തിന്റെ പ്രഥമ വക്താവ്?
2. ആരുടെ വചനപ്രഘോഷണത്തിന്റെ ഫലമായിട്ടാണ ആദ്യ ക്രൈസ്തവസമൂഹം രൂപംകൊണ്ടത്?
3. പന്തക്കുസ്താ ദിനത്തിൽ പ്രർത്ഥനാനിമഗ്നരായിരുന്ന ശ്ലൂഹന്മാരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നത് ഏതുമണിക്കൂറിലാണ്?
4. ദൈവവചനത്തിന് സാക്ഷ്യം വഹിച്ചതിന്റെ ഫലമായി പാത്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ട ശ്ലീഹ?
5. നലാം നൂറ്റാണ്ടിൽ സഭയെ ഉലച്ച വലിയ പാഷണ്ഡത ഏത്?
6. ദൈവവചനം സ്വീകരിച്ച് അതിന്റെ പൂർണ്ണതയിൽ ജീവിച്ച വ്യക്തി?
7. ഏതു സാഹചര്യത്തിലും പ്രാർത്ഥനയുടെ പ്രേഷിതപ്രവർത്തനം ചെയ്യുവാൻ സാധിക്കും എന്നതിന്റെ മാതൃക ആരാണ്?
8. പ്രർത്ഥിക്കുവാനായി ഈശോയെ മരുഭൂമിയിലേക്ക് നയിച്ചത് ആരാണ്?

**II. ചേരുംപടി ചേർക്കുക** 3

| | | |
|---|---|---|
| 9. | സുവിശേഷ പ്രഘോഷക | കുരിശുമരണം |
| 10. | മാർഗം | മമ്മാ മാർഗരറ്റ് |
| 11. | അന്ത്രയോസ് | പ്രൊട്ടസ്റ്റന്റ് സഭ |
| 12. | ഹെൻട്രി 8 -ാംമൻ | സഭ |
| 13. | മാർട്ടിൻലൂഥർ | അപ്പസ്തോലപ്രവർത്തനങ്ങൾ |
| 14. | അല്മായ പ്രേഷിതത്വം | വി.തോമസ് മൂർ |

**III. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** 5

15. പ്രേഷിതപ്രവർത്തനത്തിനുള്ള നാലു മാർഗങ്ങൾ ഏവ?
16. സഭ ഔദ്യോഗികമായി  വിശുദ്ധർ എന്നു വിളിക്കുന്നത് ആരെയാണ്?
17. അപ്പസ്തോലപിതാക്കന്മാർ എന്നുവിളിക്കുന്നത് ആരെയാണ്?
18. ശ്ലീഹന്മാരുടെ പ്രബോധനത്തിന്റെ പ്രധാന ഉള്ളടക്കം എന്താണ്?
19. എന്താണ് ദൈവരാജ്യം?

**IV. ഉത്തരമെഴുതുക (ബൈബിൾ പഠനസഹായി)** 12

20. എപ്പോഴാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം ഒരുവന് ലഭിക്കുന്നത്?
21. ക്രിസ്തു മോശയേക്കാൾ ശ്രേഷ്ഠനാണെന്ന്  സമർത്ഥിക്കുന്നതെങ്ങനെ?
22. അടിമയായ ഒനേസിമീസിനെ ആരായിട്ട് കരുതണമെന്നാണ് പൗലോസ്ശ്ലീഹാ ആവശ്യപ്പെടുന്നത്?
23. കർത്താവ് തന്നെ രക്ഷിച്ച പീഡനങ്ങളിൽ പൗലോസ് ശ്ലീഹാ പേരെടുത്തു പറയുന്നത് ഏതൊക്കെയാണ്?
24. ആർസിലേക്ക് കടന്നുവന്ന വിയാനിയച്ചൻ എങ്ങനെയുള്ള ജനങ്ങളെയാണ് കണ്ടത്?(ഉപപാഠം)
25. വി.മരിയ ജോൺ വിയാനി  പുണ്യമാർജ്ജിക്കുന്നതിനു എന്തെല്ലാമാണ് ചെയ്തിരുന്നത്? (ഉപപാഠം)

**V. നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക** 12

26. സുവിശേഷവത്ക്കരണ ലക്ഷ്യങ്ങൾ ഏവ?
27. ആദിമക്രൈസ്തവ സമൂഹം കൂട്ടായ്മ അനുഭവത്തിൽ വളർന്നതെങ്ങനെ?
28. ആദ്യകാല മതപീഡനങ്ങളുടെ കാരണങ്ങൾ എന്തെല്ലാം?
29. വി.മരിയ ജോൺ വിയാനി വി. കുർബ്ബാനയെക്കുറിച്ച് പഠിപ്പിക്കുന്നതെന്തല്ലാം? (ഉപപാഠം)

**VI. ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക** 4

30. സഭയുടെ സുവിശേഷപ്രഘോഷണത്തിന്റെ അടിസ്ഥാനം പരിശുദ്ധ ത്രിത്വമാണ്, അവൾ സ്വഭാവത്താലേ പ്രേഷിതയുമാണ്. വിശദീകരിക്കുക.

OR

ശ്ലീഹന്മാരും സഭാപിതാക്കന്മാരും ദൈവവചനത്തിനു സാക്ഷികളായതെങ്ങനെ? വിശദമാക്കുക.

**VII.** **ഒന്നരപേജിൽ കവിയാതെ ഉത്തരമെഴുതുക** **5**

31. തൃശൂർ അതിരൂപതയുടെ മതബോധന അദ്ധ്യായനവർഷത്തിലെ പ്രബോധന വിഷയമായ നിത്യജീവൻ (വീത്ത എത്തേർന) എന്ന വിഷയത്തെക്കുറിച്ച് മാർ. ആൻഡ്രൂസ് താഴത്ത് നൽകിയ ഇടയലേഖനം സംഗ്രഹിച്ചെഴുതുക?

VIII. പ്രർത്ഥന എഴുതുക

32. മനസ്താപപ്രകരണം **3**

33. ശരണപ്രകരണം **2**

# Archdiocese of Trichur
## Half Yearly Examination September-2013
## Sunday Catechism

**Std. XI** **Time:2hrs**
**Mark: 50**

**I.** ഉത്തരമെഴുതുക 4

1. രക്ഷ എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?
2. ഔദ്യോഗികമായി വി. ഗ്രന്ഥത്തിലെ പുസ്തകങ്ങളുടെ ഗണത്തിൽപ്പെടുത്താത്ത ഗ്രന്ഥങ്ങളെ വിളിക്കുന്നത്?
3. ഈശോയുടെ വ്യക്തിത്വത്തിൽ തെളിഞ്ഞുനിന്നിരുന്ന ഒരു പ്രധാന ഗുണം?
4. ക്രസ്തുവിൽ കേന്ദ്രീകൃതമായ ഒരു വ്യക്തിത്വമാണ്?
5. ക്രിസ്തീയ വ്യക്തിത്വത്തിന്റെ അടയാളം?
6. ശരിയായി രൂപീകരിക്കപ്പെട്ട മനസാക്ഷിയുടെ സ്വരമാണ്?
7. നസ്രായനായ ഈശോയെ എന്റെ രക്ഷകനാണെന്നു കണ്ടെത്തിയതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തം. ആരുടെ വാക്കുകളാണിവ?
8. യഹൂദരുടെ നിയമസംഹിതയും വ്യാഖ്യനവുമടങ്ങിയ ഗ്രന്ഥം?

**II.** പൂരിപ്പിക്കുക 3

9. ഈശോയുടെ വ്യക്തിപ്രാഭവത്തിന്റെ മുഴുവൻ അടിസ്ഥാനമായി നിൽക്കുന്നത് അവിടുത്തെ ........................ മാണ്.
10. യാത്രാക്കാരുടെ മദ്ധ്യസ്ഥനാണ് ..............................
11. ............... ക്കുറിച്ചുള്ള ബോധമില്ലായ്മയാണ് പലരേയും നൈരാശ്യത്തിലേക്കും അലസതയിലേക്കും നയിക്കുന്നത്.
12. താൻ ചെയ്യുന്നത് തെറ്റാണെന്നറിഞ്ഞിട്ടും അതുചെയ്യുന്നവന്റെ മനസാക്ഷി .................... ആണ്.
13. വളരെ വർഷങ്ങളോളം സുവിശേഷ പ്രചരണം നടന്നിരുന്നത് .............. ആയിട്ടാണ്.
14. ഈശോ ചരിത്രപുരുഷനാണെന്നതിന്റെ ശക്തമായ മറ്റൊരു തെളിവാണ് ...................... ന്റെ ജീവിതം.

**III.** ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 5

15. സുവിശേഷങ്ങൾ മുഖ്യമായും ശ്രദ്ധ ഊന്നിയിരിക്കുന്നത് എന്തിലാണ്?
16. വ്യക്തിത്വത്തിന്റെ ആന്തരികഘടകങ്ങൾ എന്തെല്ലാമാണ്?
17. ക്രിസ്തീയ വ്യക്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങൾ എന്തെല്ലാം?
18. ഈശോയെ ലോകരക്ഷകൻ എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?
19. ക്രിസ്തുവിനു മുമ്പ് ജീവിച്ചിരുന്ന തത്വജ്ഞാനിയായ സോക്രട്ടീസ് വരാനിരിക്കുന്ന രക്ഷകനെക്കുറിച്ച് പറഞ്ഞിരിക്കുന്നതെന്ത്?

**IV.** രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (ബൈബിൾ പഠനസഹായി) 12

20. മോശയ്ക്ക് പ്രത്യക്ഷപ്പെട്ടു എന്നതിനു സാക്ഷ്യമായി ഇസ്രായേൽജനം വിശ്വസിക്കാൻ ദൈവം മോശയ്ക്ക് കൊടുത്ത മൂന്നു സാക്ഷ്യങ്ങൾ ഏവ?
21. പഴയ നിയമ പുസ്തകങ്ങളിലെ പ്രബോധനപരമായ പുസ്തകങ്ങൾ ഏവ?
22. "അവൾ അവന് സാമുവൽ എന്ന പേരിട്ടു ".ഹന്ന എന്ത് പറഞ്ഞാണ് ഈ പേര് നൽകിയത്?
23. പഴയ നിയമ പുസ്തകത്തിൽ ചരിത്രപരമായ പുസ്തകങ്ങളിൽ എട്ടെണ്ണം എഴുതുക?
24. സുവിശേഷത്തിന് ഗ്രീക്ക് മൂലത്തിലുള്ള പേര് ഏതെല്ലാം പദങ്ങൾ ചേർന്നതാണ്?ആ പദത്തിന്റെ അർത്ഥമെന്ത്? (ഉപപാഠം)
25. വി.മത്തായിയുടെ സുവിശേഷത്തിൽ യേശുവിന് എങ്ങനെ ചിത്രീകരിക്കാനാണ് വി.മത്തായി ശ്രമിച്ചത്? (ഉപപാഠം)

**V.** നാലോ അഞ്ചോ വാക്യത്തൽ ഉത്തരമെഴുതുക 12

26. ഈശോ ദൈവപുത്രനാണെന്നു തെളിയിക്കുന്ന മൂന്നു ദൈവവചന ഭാഗങ്ങൾ എഴുതുക?
27. ഈശോ സമഗ്ര വിമോചകനാണെന്ന് പറയുന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
28. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ ക്രിസ്തീയ ആത്മാവബോധം സ്വന്തമാക്കണമെന്ന് പറയുന്നതെന്തുകൊണ്ട്?

29. യേശു രക്ഷകനാകുന്നു എന്ന മുഖ്യപ്രമേയം എന്ത് ഉദ്ദേശ്യത്തോടെയാണ് വി.മത്തായി നൽകിയിരിക്കുന്നത്? (ഉപപാഠം)

**VI. ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക** 4

30. ക്രിസ്തീയ ജീവിതമനോഭാവത്തിന്റെ ഏതാനും സവിശേഷതകൾ വ്യക്തമാക്കുക?

OR

ഉത്തമ മനസാക്ഷി എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? ഉത്തമ മനസാക്ഷി രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

**VII. ഒന്നര പേജിൽ കവിയാതെ ഉത്തരമെഴുതുക** 5

31. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ "പ്രേഷിതപ്രവർത്തനം" എന്ന ഡിക്രിയിൽ പ്രേഷിതപ്രവർത്തനത്തിന്റെ ആവശ്യകതയെ വിവരിക്കുന്നതെന്തെല്ലാം?

**VIII. പ്രർത്ഥന എഴുതുക**

32. പരിശുദ്ധരാജ്ഞി 3

33. സാധാരണ ത്രിസന്ധ്യാജപം 2

# Archdiocese of Trichur
## Half Yearly Examination September-2013
## Sunday Catechism

**Std. XII** **Time:2hrs**
**Mark:50**

**I. ഉത്തരമെഴുതുക** 4

1. ദൈവവചനം ഔദ്യോഗികമായി വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അധികാരം മിശിഹാ നൽകിയിരിക്കുന്നത് ആർക്കാണ്?
2. പദാർത്ഥമാണ് യാഥാർത്ഥ്യം, അതിനപ്പുറമെന്നുനമില്ല എന്ന ചിന്ത മുറുകെ പിടിക്കുന്ന ദർശനം?
3. മറുഭാഷാ പ്രർത്ഥനയും പരിശുദ്ധാത്മാവിലുള്ള സ്നാനവും ഏതുസമൂഹങ്ങളുടെ പ്രത്യേകതക ളാണ്?
4. ക്രിസ്തുവിനോടൊപ്പം പരമപിതാവിങ്കലേയ്ക്കുള്ള തീർത്ഥയാത്രയുടെ ലക്ഷ്യം എന്താണ്?
5. ക്രൈസ്തവ ജീവിതത്തിന്റെ ശക്തി കേന്ദ്രം?
6. വി. ഗ്രന്ഥത്തിലെ ദൈവനിവേശിത ഗ്രന്ഥങ്ങളെ വിശേഷിപ്പിക്കാൻ കാനോൻ എന്ന പദം ആദ്യ മായി ഉപയോഗിച്ചത് ആരാണ്?
7. വി. ജറോമിന്റെ ബൈബിൾ വിവർത്തനം അറിയപ്പെടുന്നത് ഏതു പേരിലാണ്?
8. മനുഷ്യന്റെ ദൈവാന്വേഷണത്തിന് പൂർമായി ഉത്തരം നൽകുന്നത് ആരാണ്?

**II. പൂരിപ്പിക്കുക** 3

9. സ്വയം സമർപ്പണത്തിന് ഉദാത്ത മാതൃകകളാണ് .................... വും ദൈവമാതാവായ പരിശുദ്ധ കന്യകാമറിയവും.
10. ഭൗതികവും അനുഭവപ്രദവുമായ തലങ്ങൾക്കപ്പുറം കടന്നുചെല്ലാനുള്ള മനുഷ്യമനസ്സിന്റെ കഴി വിനെ ചോദ്യം ചെയ്യുന്ന ദാർശനിക നിലപാടാണ് ....................
11. ക്രിസ്തുവിന്റെ പുനരാഗമനം ഉടനെയുണ്ടാകുമെന്ന് വിശ്വസിക്കുന്ന കൂട്ടായ്മയാണ് ...............
12. മനുഷ്യസേവനത്തിനായി ലഭിക്കുന്ന അധികാരസ്ഥാനത്തെ സ്വർത്ഥ നേട്ടങ്ങൾക്കായി ദുരുപ യോഗിക്കാനുള്ള പ്രവണതയാണ് ...............
13. മാമ്മോദീസയിലൂടെ ദൈവമക്കളായിതീർന്ന നമ്മെ നിരന്തരം വിശദ്ധീകരിക്കുകയും ശക്തിപ്പെ ടുത്തുകയും ചെയ്യുന്ന കൂദാശകളാണ് അനുരഞ്ജനകൂദാശയും ..................... യും.
14. ദൈവം സർവജനങ്ങളോടും സംസാരിക്കുന്ന ഒരു തലം ................. ആണ്.

**III. ഒന്നോ രണ്ടോ വാകൃത്തിൽ ഉത്തരമെഴുതുക** 5

15. ദൈവവചനത്തിന്റെ പ്രധാനപ്പെട്ട അർത്ഥങ്ങൾ ഏവ?
16. ഈശോ തിന്മയെ പരാജയപ്പെടുത്തിയത് എങ്ങനെ?
17. എന്താണ് ദ്രവ്യാഗ്രഹം?
18. വിശ്വാസത്തന്റെ സംശുദ്ധ സാക്ഷാത്ക്കാരമായി മറിയത്തെ സഭവണങ്ങുന്നു. എന്തുകൊണ്ട്?
19. എന്താണ് ഹ്യൂമാനിസം?

**IV. ഉത്തരമെഴുതുക (ബൈബിൾ പഠനസഹായി)** 12

20. മൂന്നു കാര്യങ്ങൾ കർത്താവ് അംഗീകരിക്കുന്നില്ല എന്നു വിലാപങ്ങളുടെ ഗ്രന്ഥകാരൻ പറയു ന്നുണ്ട്. അവ ഏതൊക്കെയാണ്?
21. സൂര്യനു കീഴെ വലിയൊരു തിന്മയായിട്ടു സഭാപ്രസംഗകൻ കണ്ടെതെന്ത്?
22. കൽപന എന്താണെന്നും ഉപദേശം എന്താണെന്നും ശിക്ഷണത്തിന്റെ ശാസനകൾ എന്താ ണെന്നുമാണ് സുഭാഷിത കർത്താവ് പറയുന്നത്?
23. ദുശ്ചരിതയായ സ്ത്രിയുടെ വാതില്ക്കൽ ചെല്ലരുത്. എന്തുകൊണ്ടാണെന്നാണ് സുഭാഷിതങ്ങൾ പറയുന്നത്?
25. വി.മർക്കോസിന്റെ സുവിശേഷത്തിൽ ശൈശവ വിവരണം ഇല്ലാത്തതിന്റെ കാരണമെന്ത്?
26. വി. ലൂക്കായുടെ സുവിശേഷത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

**V. നാലോ അഞ്ചോ വാകൃത്തിൽ ഉത്തരമെഴുതുക** 12

27. ദൈവത്തിന് മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ് വിശ്വാസം. വ്യക്തമാക്കുക.
28. പെന്തക്കോസ്തു സമൂഹങ്ങൾ നൽകുന്ന തെറ്റായ പ്രബോധനങ്ങൾ ഏതെല്ലാം?
29. ബൈബിൾ ദൈവനിവേശിതഗ്രന്ഥം- എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
30. വി. മത്തായിയുടെ സുവിശേഷത്തിലെ ബാല്യകാല വിവരണം എഴുതുക?